# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>രാജീവ് ഗാന്ധി ദശലക്ഷം ഭവന പദ്ധതി</u>

4270 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ദശലക്ഷം ഭവന പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് ആകെ എത്ര കോളനികളാണ് ഉള്ളതെന്നും അവ ഓരോന്നും സ്ഥാപിച്ചത് എപ്പോഴാണെന്നും അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ നിർമ്മിച്ച പല വീടുകളും വാസയോഗ്യമല്ലാതായിത്തീർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അത്തരം വീടുകൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ.</u>

4271 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഏതേത് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാണ്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽ പുതുതായി ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) പി. എം. ജി. എസ്. വൈ. പ്രകാരം കോഴിക്കോട് ജില്ലയിൽ അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ. പ്രകാരമുള്ള റോഡ് നിർമ്മാണം

4272 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. റോഡ് നിർമ്മാണ വ്യവസ്ഥയിൽ ഇളവ് അനുവദിച്ച 6 മീറ്റർ വ്യവസ്ഥ അംഗീകരിച്ച് ആലപ്പുഴ ജില്ലയിൽ എത്ര റോഡ് നിർമ്മിച്ചിട്ടുണ്ട്; അവ ഏതെല്ലാം എന്നു വ്യക്താമാക്കുമോ ;

(ബി) നമ്മുടെ സംസ്ഥാനത്തിന്റെ ജനസാന്ദ്രത കണക്കിലെടുത്ത് 4 മീറ്റർ വീതി എന്ന വ്യവസ്ഥ അംഗീകരിപ്പിക്കുവാൻ കഴിയുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡ് നവീകരണം

4273 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തി റോഡുകൾ നവീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ആവശ്യാനുസരണമായ മാറ്റങ്ങൾ വേണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതുക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ ഗ്രാമീണറോഡുകളുടെ പുനർനിർമ്മാണത്തിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ.

4274 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്.വൈ പദ്ധതിയിൽ ഏറ്റെടുക്കുന്ന റോഡുകളുടെ നിബന്ധന എന്തെല്ലാമാണ് ;

(ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും സംസ്ഥാനം ഉപയോഗപ്പെടുത്തിയ സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര റോഡുകളുടെ പ്രവൃത്തിയാണ് ഈ കാലയളവിൽ ഏറ്റെടുത്തത് ;

(ഡി) മാനദണ്ഡങ്ങളിൽ ഇളവു വരുത്തി അവസാനമായി പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന</u>

4275 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ 6,7 ഘട്ടങ്ങളിൽ കേരളം ഏറ്റെടുത്ത പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കേണ്ട പദ്ധതികളുടെ വിശദാംശങ്ങൾ പറയാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ</u>

4276 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. ഇ.കെ. വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) തൊഴിലുറപ്പു പദ്ധതിയിൽ പങ്കെടുക്കുന്ന തൊഴിലാളികൾ പലവിധത്തിലുള്ള പകർച്ചവ്യാധികൾക്കും, മാരകരോഗങ്ങൾക്കും അടിമകളായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം രോഗങ്ങൾ ബാധിച്ച് ആരോഗ്യസ്ഥിതി മോശമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി</u>

4277 ഡോ. ടി.എം. തോമസ് ഐസക്
ശ്രീമതി. കെ.കെ. ലതിക
,, കെ.എസ്. സലീഖ
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിൽ പ്രാവർത്തികമാക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) ഇതിന്റെ പ്രാധാന്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നെൽകൃഷിയും തൊഴിലുറപ്പ് പദ്ധതിയും</u>

4278 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എല്ലാ നെൽകർഷകർക്കും നെല്ലു കൊയ്യുന്നതിന് ആവശ്യമായ തൊഴിലാളികളെ യഥാസമയം തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

4279 ശ്രീ.കെ. വി. അബ്ദുൾ ഖാദർ
,, എ. എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അടുത്ത വർഷം കേരളത്തിന് 2000 കോടി രൂപയെങ്കിലും നേടിയെടുക്കാൻ സംസ്ഥാന സർക്കാർ ശ്രമം നടത്തുമോ ;

(ബി) കേരളത്തിലെ വേതനം വർദ്ധിപ്പിച്ചു കിട്ടുന്നതിലേക്കുള്ള ശ്രമം വിജയിച്ചിട്ടുണ്ടോ ;

(സി) അടുത്ത വർഷത്തേക്കുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; 200 രൂപ കൂലി നിരക്കിൽ എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കും ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>ദേശീയ തൊഴിലുറപ്പു പദ്ധതി</u>

4280 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ നടത്തിപ്പിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലാളികൾക്ക് പ്രതിദിനം വേതനത്തിൽ കേന്ദ്ര സർക്കാർ വിഹിതം എത്ര; സംസ്ഥാന സർക്കാർ വിഹിതം എത്ര;

(സി) ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ 200 ആക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി</u>

4281 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം മുഖേന സംസ്ഥാനത്ത് നാളിതുവരെ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലിനുവേതനമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ ഭാഗമായി എത്ര തുകയുടെ ആസ്തികൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ദേശീയതലത്തിൽ അവതരിപ്പിക്കുവാൻ കഴിയുന്ന നേട്ടങ്ങൾ എന്ന നിലയിൽ ഏതെങ്കിലും ആസ്തികൾ സൃഷ്ടിക്കപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ : എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

4282 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില്‍ ചില വഴിക്കുന്ന സംഖ്യയുടെ 40% സാധനസാമഗ്രികള്‍ക്ക് വിനിയോഗിക്കാന്‍ കേന്ദ്ര സര്‍ക്കാരിന്റെ നിര്‍ദ്ദേശങ്ങളില്‍ പറയുന്നുണ്ടെങ്കിലും കേരളത്തില്‍ പ്രസ്തുത നിര്‍ദ്ദേശം ബാധമാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം

4283 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം മുഖേന സംസ്ഥാനത്ത് തൊഴിലിനായി രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ ; സ്ത്രീകൾ എത്ര ; പുരുഷൻമാർ എത്ര ;

(ബി) ഇതു സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ബയോ മെട്രിക് സ്മാർട്ട് കാർഡ്</u>

4284 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അഴിമതി തടയുന്നതിനായി തൊഴിലാളികൾക്ക് ബയോ മെട്രിക് സ്മാർട്ട് കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാർഡ് വിതരണം ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ദേശീയ തൊഴിലുറപ്പു പദ്ധതി നടത്തിപ്പിന്റെ നിലവാരം</u>

4285 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പു പദ്ധതി നടത്തിപ്പിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുടെ ഘട്ടങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

എൻ. ആർ. ഇ. ജി. പി. - ഇവാല്യൂവേഷൻ സ്റ്റഡി

4286

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2009-10, 2010-11 വർഷങ്ങളിൽ വയനാട് ജില്ലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് ബ്ലോക്ക് തലത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ജില്ലയിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഇവാല്യൂവേഷൻ സ്റ്റഡി നടത്തുകയുണ്ടായോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയിലെ കൂലി</u>

4287 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തൊഴിലുറപ്പുപദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) തൊഴിലുറപ്പു പദ്ധതിയിലെ നിലവിലെ കൂലി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതികൊണ്ട് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി</u>

4288 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതികളിൽ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് രാഷ്ട്രീയ പരിഗണന ഉണ്ടാകുന്നു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ എന്നു പറയാമോ ; ഇത്തരം സന്ദർഭങ്ങളിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത് ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം കാർഷിക മേഖലയിൽ എന്തെല്ലാം ജോലികളാണ് തൊഴിലാളികളെക്കൊണ്ട് ചെയ്യിക്കുന്നത് എന്നു പറയുമോ ; പ്രസ്തുത ജോലികൾ കൊണ്ട് കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

ഗ്രാമീണ സഡക് യോജന

4289 ശ്രീ. ബി സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സഡക് യോജന പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2011-12 വർഷത്തിൽ കേന്ദ്ര വിഹിതമായി എത്ര തുകയാണ് ലഭിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം റോഡ് തെരഞ്ഞെടുക്കുന്നതിനുളള നിർദ്ദേശം സമർപ്പിക്കുന്നതിന് ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഏത് കമ്മിറ്റിയാണ് റോഡ് തെരഞ്ഞെടുക്കുന്നത്;

(സി) എം.എൽ.എ. മാർക്ക് പ്രസ്തുത പദ്ധതിയിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയുമോ;

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം, ആറ്റിങ്ങൽ മണ്ഡലത്തിൽ നഗരൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട നഗരൂർ-ഈരാണിമുക്ക് റോഡ്, കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മലയാമഠം കടമ്പ്രവാരം റോഡ്, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കാട്ടുവെട്ടി-കൈലാസംകുന്ന് റോഡ് മുതലായ റോഡുകളുടെ പണി ഇതുവരെ പൂർത്തിയാക്കാതിരുന്നതും ഈ പ്രദേശത്തെ ജനങ്ങൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രക്ഷോഭം ആരംഭിച്ചതും സർക്കാരിന് പരാതി സമർപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ എന്താണ് തടസ്സം; വ്യക്തമാക്കാമോ;

(എഫ്) മേൽ പറഞ്ഞ റോഡുകളുടെ കരാറുകാർ ആരൊക്കെയാണ്; എന്തു തുകകൾ വീതമാണ് ഓരോ പദ്ധതിയ്ക്കും അനുവദിക്കപ്പെട്ടിരിക്കുന്നത്; ഇതുവരെ എത്ര തുക വീതം അനുവദിക്കുകയും ചെലവാക്കുകയും ചെയ്തുവെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

(ജി) പണി ഏറ്റെടുത്ത കരാറുകാരൻ പണി പൂർത്തിയാക്കാൻ വിസമ്മതിച്ച് കോടതിയിൽ കേസ് ഫയൽ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(എച്ച്) പ്രസ്തുത പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കരാറുകാരനോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഐ) പ്രസ്തുത റോഡുപണികളിൽ എന്തെങ്കിലും പിഴവുകൾ പറ്റിയിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് പണികൾ പൂർത്തിയാക്കാൻ നിർദ്ദേശിക്കുമോ;

(ജെ) പണി നടത്താൻ ഭരണ-സാങ്കേതിക അനുമതി നല്കുന്ന ഏജൻസികൾ ഇക്കാര്യത്തിൽ അവലംബിക്കുന്ന കൃത്യവിലോപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(കെ) തദ്ദേശഭരണ ഭാരവാഹികളെ വിളിച്ച് ചേർത്ത് പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് ഉണ്ടായിട്ടുളള ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

എസ്.ജി.എസ്.വൈ പദ്ധതി

4290 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന എസ്.ജി.എസ്.വൈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പയ്ക്ക് കൂടിയ നിരക്കിലുള്ള പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന പലിശ ഈടാക്കുന്നതുമൂലം പദ്ധതിയനുസരിച്ച് ആരംഭിച്ച തൊഴിൽ സംരംഭ യൂണിറ്റുകൾ താമസംവിനാ പൂട്ടിപ്പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മേൽ പദ്ധതിയിൻ കീഴിൽ അനുവദിക്കുന്ന വായ്പയ്ക്ക് ധനകാര്യസ്ഥാപനങ്ങൾ ഉയർന്ന പലിശ ഈടാക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ബാക്ക്‌വേഡ് റീജിയൺ ഗ്രാന്റ് ഫണ്ട്

4291 ശ്രീ.ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാക്ക്‌വേഡ് റീജിയൺ ഗ്രാന്റ് ഫണ്ട് എത്ര ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പ്രസ്തുത പദ്ധതിയിൻകീഴിൽ ഏതെല്ലാം ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ പ്രധാന ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ ജില്ലയെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ പ്രോജക്റ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കാർഷിക മേഖലയും തൊഴിലുറപ്പ് പദ്ധതിയും</u>

4292 ശ്രീ. സി. കെ. സദാശിവൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ.വി. വിജയദാസ്
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഭൂപ്രശ്നങ്ങളും കാർഷിക മേഖലയിലെ പ്രതിസന്ധിയും കണക്കിലെടുത്ത് കാർഷിക മേഖലയിലെ എല്ലാവിധ ജോലികളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ ;

(ബി) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പദ്ധതികളുടെ കൂട്ടത്തിൽ കാർഷിക മേഖലയിലെ എല്ലാവിധ ജോലികളും ഉൾപ്പെടുത്താൻ ആവശ്യമായ അനുമതി നൽകാൻ സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ശുചിത്വ മിഷൻ</u>

4293 ശ്രീ. മഞ്ഞളാംകുഴി അലി
,, പി.കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശുചിത്വ മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നടപ്പുവർഷം ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദ വിവരം നൽകാമോ; അവയുടെ പ്രവർത്തന പുരോഗതി നിർദ്ദിഷ്ട ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) 2012-13 ലേക്കുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ലക്ഷ്യമിടുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഗ്രാമീണ മേഖലയിലെ കൃഷി ഭൂമി, പാതയോരങ്ങൾ, ജലാശയങ്ങൾ, വീട്ടുവളപ്പുകൾ എന്നിവിടങ്ങളിലെല്ലാം അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും അവ റീസൈക്കിൾ ചെയ്യുന്നതിനും ശുചിത്വ മിഷന്റെ പദ്ധതിയെന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ആ വിധത്തിൽ പ്രവർത്തനം വ്യാപിപ്പിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഗ്രാമവികസന ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തനം</u>

4294 ശ്രീ. ജോസഫ് വാഴക്കന്‍
,, ഹൈബി ഈഡന്‍
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ഗ്രാമവികസന ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തന ക്ഷമത വര്‍ദ്ധിപ്പിക്കുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ആര്‍ക്കെല്ലാമാണ് പ്രസ്തുത ഇന്‍സ്റ്റിറ്റ്യൂട്ട് പരിശീലനം നല്‍കിവരുന്നത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വൈപ്പിന്‍ - മുനമ്പം കായലോര റോഡ്</u>
<u>നിര്‍മ്മിക്കുന്നതിനുള്ള നടപടി</u>

4295 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എം.എസ്.ആര്‍.വൈ-യില്‍ ഉള്‍പ്പെടുത്തി വൈപ്പിന്‍ - മുനമ്പം കായലോര റോഡ് നിര്‍മ്മിക്കുന്നതിനുള്ള നിവേദനത്തിന്‍മേല്‍ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ അംഗീകാരത്തിന് കേന്ദ്ര ഗവണ്‍മെന്റിന് സമര്‍പ്പിച്ചിട്ടുണ്ടോ;

(സി) അടുത്ത സാമ്പത്തിക വര്‍ഷത്തിലേക്കുള്ള പദ്ധതിയില്‍ ഉള്‍പ്പെടുത്തി റോഡിന് അനുമതി നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

തോട്ടം തൊഴിലാളികളുടെ ശമ്പളം

4296 ശ്രീ. പി.കെ. ഗുരുദാസൻ
,, എസ്. രാജേന്ദ്രൻ
,, കെ.കെ. ജയചന്ദ്രൻ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ കുറഞ്ഞ ശമ്പളം കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി) ഏറ്റവും ഒടുവിൽ ശമ്പളം പരിഷ്ക്കരിച്ചതിനു ശേഷം ജീവിത വിലസൂചികയിലുണ്ടായ മാറ്റം പരിഗണിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കേരംസ് പ്രവര്‍ത്തന മേഖല വ്യാപിപ്പിക്കുന്നതിനുള്ള നിര്‍ദ്ദേശം</u>

4297 ശ്രീ.എം. പി. അബ്ദുസ്സമദ് സമദാനി
,, എന്‍. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമവികസന വകുപ്പിനുകീഴിലെ കേരള റൂറല്‍ ഡെവലപ്പ്മെന്റ് ആന്റ് മാര്‍ക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവര്‍ത്തന മേഖല വ്യാപിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിര്‍ദ്ദേശം സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ;

(ബി) ഗ്രാമീണ കൈത്തൊഴിലുകാര്‍, മഹിളാസമാജങ്ങള്‍, എന്നിവരെ സംഘടിപ്പിക്കുന്നതിനും, അവര്‍ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളെ മാര്‍ക്കറ്റിലെ ട്രെന്റനുസരിച്ച് വൈവിദ്ധ്യവത്ക്കരിക്കുന്നതിനും എന്തെങ്കിലും നടപടികള്‍ സൊസൈറ്റി സ്വീകരിച്ചിട്ടുണ്ടോ ;ഇല്ലെങ്കില്‍ ആവിധത്തില്‍ പ്രവര്‍ത്തനം വ്യാപിപ്പിക്കുമോ ;

(സി) സ്വയം തൊഴില്‍ ചെയ്യുന്നവര്‍, ഗ്രാമീണ കൈത്തൊഴിലുകാര്‍, മഹിളാസമാജക്കാര്‍ എന്നിവരെ സംഘടിപ്പിക്കാന്‍ ജില്ലാടിസ്ഥാനത്തില്‍ നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഇവര്‍ മുഖേന ഗുണനിലവാരമുള്ള ഉല്പന്നങ്ങള്‍ ഉല്പാദിപ്പിച്ച് ഗ്രാമശ്രീമുഖേന വിദേശമാര്‍ക്കറ്റുകള്‍ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഗ്രാമവികസനവകുപ്പിൽ ഒഴിവുകൾ നികത്താൻ നടപടി

4298 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വൈക്കം നിയോജകമണ്ഡലത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വി. ഇ. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

4299 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക നിലനിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 2010 വരെ നിയമിതരായ വി. ഇ. ഒ. മാരുടെ സീനിയോറിറ്റി ലിസ്റ്റ് (ഗ്രേഡ് 2) ഉടൻ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

പുതിയ എ. പി. എൽ/ബി. പി. എൽ പട്ടിക

4300 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെടേണ്ടവർ എ. പി. എൽ ലിസ്റ്റിലും എ. പി. എൽ ലിസ്റ്റിൽ ഉൾപ്പെടേണ്ടവർ ബി. പി. എൽ ലിസ്റ്റിലും ഉൾപ്പെട്ടതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിനായി പുതിയ എ. പി. എൽ/ബി. പി. എൽ പട്ടിക തയ്യാറാക്കുന്ന കാര്യം പരിഗണയലുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) അനർഹരെ ഒഴിവാക്കി പുതിയ എ. പി. എൽ/ബി. പി. എൽ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദ്ണഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് നിശ്ചയിക്കാനാകും; ഇക്കാര്യത്തിൽ കേന്ദ്ര നിർദ്ദേശങ്ങൾ പരിഗണിക്കുമോ;

(ഇ) എല്ലാ പട്ടിക വർഗ കുടുംബങ്ങളെയും ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുമോ; ഇല്ലെങ്കിൽ അവരിൽ നിന്ന് ഒഴിവാക്കപ്പെടുന്ന വിഭാഗം ഏതൊക്കെയാണ് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ബി.പി.എൽ. പുതുക്കിയ മാനദണ്ഡങ്ങൾ

4301 ശ്രീ. റ്റി. യു.കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. നിർണ്ണയത്തിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(ബി) പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്ത മാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

എ. പി. എൽ./ബി. പി. എൽ. നിർണ്ണയത്തിലെ അപാകതകൾ

4302 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ. - ബി. പി. എൽ. നിർണ്ണയത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗത്തില്‍പ്പെട്ട ഉദ്യോഗസ്ഥരെ ബി.പി.എല്‍ ലിസ്റ്റില്‍ ഉള്‍പ്പെടുത്താന്‍ നടപടി</u>

4303 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ പട്ടികവര്‍ഗ്ഗ കുടുംബങ്ങളും നിലവില്‍ ബി.പി.എല്‍ ലിസ്റ്റില്‍ ഉള്‍പ്പെട്ടവരാണോ;

(ബി) എങ്കില്‍ പുതുതായി തയ്യാറാക്കാന്‍ ഉദ്ദേശിക്കുന്ന ബി.പി.എല്‍ ലിസ്റ്റില്‍ നിന്ന് സര്‍ക്കാര്‍ ജീവനക്കാരായ പട്ടികവര്‍ഗക്കാരെ ഒഴിവാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതില്‍ സര്‍ക്കാര്‍ ജീവനക്കാര്‍ക്ക് പുറമെ അര്‍ദ്ധ സര്‍ക്കാര്‍ പൊതുമേഖലാ സ്ഥാപനങ്ങളില്‍ ജോലി ചെയ്യുന്ന പട്ടികവര്‍ഗ്ഗ ജീവനക്കാരും ഉള്‍പ്പെടുമോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ഡി) എങ്കില്‍ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരടക്കമുള്ള കുറഞ്ഞ ശമ്പളമുള്ള പട്ടികവര്‍ഗ ജീവനക്കാരെ ബി.പി.എല്‍ ലിസ്റ്റില്‍ തന്നെ നിലനിര്‍ത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) അല്ലെങ്കില്‍ ബി.പി.എല്‍ ലിസ്റ്റില്‍ ഉള്‍പ്പെടുന്നതിന് ഒരു നിശ്ചിത ശമ്പള പരിധി പട്ടികവര്‍ഗ ജീവനക്കാര്‍ക്കായി നിശ്ചയിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ആസൂത്രണ ബോർഡ്</u>

4304 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ പദ്ധതി നടത്തിപ്പിന് ആസൂത്രണ ബോർഡ് ഏതെങ്കിലും സെക്ടറിന് പ്രത്യേക മുൻഗണന നൽകാൻ കേന്ദ്ര ആസൂത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഓരോ സെക്ടറിനും നീക്കിവച്ചിട്ടുള്ള അലോക്കേഷൻ എത്ര വീതമാണ് ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 2011-12 വർഷത്തേക്ക് എത്ര തുകയാണ് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>12-ാം പഞ്ചവത്സര പദ്ധതി</u>

4305 ഡോ. എൻ. ജയരാജ്
ശ്രീ. സി.എഫ്.തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ നിർദ്ദേശങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) 12-ാം പഞ്ചവത്സര പദ്ദതിയുമായി ബന്ധപ്പെട്ട് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻമുമ്പാകെ സംസ്ഥാന സർക്കാർ സമീപനരേഖ സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സമീപനരേഖയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഇന്നൊവേഷൻ പദ്ധതി</u>

4306

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡിനെയും ഇന്നൊവേഷൻ കൗൺസിലിനെയും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന ശൈലി നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ നിലപാട് വിശദമാക്കുമോ;

(സി) പ്രസ്തുത കൗൺസിൽ സംസ്ഥാനത്തിന് അനുയോജ്യമായ പദ്ധതികൾ ഉൾപ്പെടുത്തി വികസന രേഖ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയുടെ പുരോഗതിക്കാവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ആസൂത്രണ ബോർഡിലുള്ള സ്ഥിരനിയമനം</u>

4307 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആസൂത്രണ ബോർഡിലേയ്ക്കുള്ള സ്ഥിരനിയമനം പി.എസ്.സി. മുഖേനയാണോ നടത്തി വരുന്നത് ;

(ബി) സ്ഥിരമായതും ദിവസവേതനാടിസ്ഥാനത്തിലുള്ളതും ആയ എത്ര പേർ ആസൂത്രണ ബോർഡിൽ ഇപ്പോൾ ജോലി നോക്കിവരുന്നുണ്ട് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദിവസവേതനത്തിൽ ജോലി ചെയ്തിരുന്ന ആർക്കെങ്കിലും സ്ഥിരമായി നിയമനം നൽകി നിയമിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാറിന്റെ നയം എന്താണ് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഇന്‍ഡ്യന്‍ സ്റ്റാറ്റിസ്റ്റിക്കല്‍ സ്ട്രെങ്തനിംഗ് പ്രോജക്ട്

4308 ശ്രീ. മുല്ലക്കര രത്നാകരന്‍
ശ്രീമതി ഇ.എസ്. ബിജിമോള്‍
ശ്രീ. ഇ.കെ. വിജയന്‍
,, ജി.എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇന്‍ഡ്യന്‍ സ്റ്റാറ്റിസ്റ്റിക്കല്‍ സ്ട്രെങ്തനിംഗ് പ്രോജക്ട് സംസ്ഥാനത്ത് നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുമോ ; എങ്കില്‍ എത്ര തുക സഹായമായി ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം സ്റ്റേറ്റ് സ്ട്രാറ്റജിക്കല്‍ പ്ലാന്‍ തയ്യാറാക്കുന്നതിന് എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ; എങ്കില്‍ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മലയോര-തീരദേശ വികസന അതോറിറ്റി</u>

4309 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര-തീരദേശ വികസന അതോറിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) അതോറിറ്റികളുടെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക സര്‍വ്വകലാശാല വിദഗ്ദ്ധ സമിതി റിപ്പോര്‍ട്ട്</u>

4310 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

കാര്‍ഷിക സര്‍വ്വകലാശാല വിദഗ്ദ്ധസമിതി റിപ്പോര്‍ട്ട് മില്‍മ ഉള്‍പ്പെടെയുള്ള സ്ഥാപനങ്ങളില്‍ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കും?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോൽപാദനം</u>

4311 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോൽപാദനവും മിൽക്ക് ഷെഡ് വികസനവും നടപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) തെരഞ്ഞെടുക്കപ്പെട്ട മിൽക്ക് ഷെഡുകളിലും സാധ്യതയുള്ള മറ്റു പ്രദേശങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ ഡയറി യൂണിറ്റുകൾ ആരംഭിക്കാൻ നടപടി എടുക്കുമോ;

(സി) ക്ഷീരകർഷകർക്ക് കറവ യന്ത്രങ്ങൾ ലഭ്യമാക്കാൻ വേണ്ടി തുക വകയിരുത്തുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>ക്ഷീരക്ഷേമ ഇൻഷ്വറൻസ് പദ്ധതി</u>

4312 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് ചികിത്സയ്ക്കായി ചിലവാകുന്ന തുക ക്ഷീരക്ഷേമ ഇൻഷുറൻസ് പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്നുണ്ടോ;

(ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി പഞ്ചായത്തിലെ മറ്റൂർ വലേക്കുളം ഹൗസിൽ വറിയത് മകൻ കുരിയപ്പൻ എന്നയാളുടെ ചികിത്സയ്ക്കായി ചെലവായ തുക ക്ഷീരക്ഷേമ ഇൻഷുറൻസ് പദ്ധതി പ്രകാരം അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേലുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) ഇത് എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>കാലിത്തീറ്റ സബ്സിഡി</u>

4313 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡിക്കുവേണ്ടി മുൻസർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ നീക്കിവച്ച ആറ് കോടി രൂപാ സബ്സിഡിയായി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പാൽ വിലയുമായുള്ള തർക്കത്തിൽ സർക്കാർ നടപടിയെ മിൽമ കോടതിയിൽ ചോദ്യം ചെയ്തപ്പോൾ എന്ത് നിലപാടാണ് സർക്കാർ സ്വീകരിച്ചത്;

(സി) എന്തുകൊണ്ടാണ് കോടതിയിൽ വിചാരണ സമയത്ത് സർക്കാർ അഭിഭാഷകൻ ഹാജരാകാത്തത്; എന്തുകൊണ്ടാണ് പ്രസ്തുത വിഷയത്തിൽ സർക്കാർ അപ്പീൽ പോകാത്തത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാലിത്തീറ്റയുടെ വിലവര്‍ദ്ധന</u>

4314 ശ്രീ. സി. ദിവാകരന്‍
,, പി. തിലോത്തമന്‍
,, കെ. രാജു
ശ്രീമതി ഇ.എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയ്ക്കുണ്ടായിരിക്കുന്ന വില വര്‍ദ്ധനവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പാല്‍ വില വര്‍ദ്ധിപ്പിച്ചിട്ട് അതിന്റെ ആനുകൂല്യം കര്‍ഷകര്‍ക്ക് ലഭിക്കാതിരിക്കുകയും എന്നാല്‍ കാലിത്തീറ്റയുടെ വില വര്‍ദ്ധിച്ചിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തില്‍ ക്ഷീര കര്‍ഷകരെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ക്വാളിറ്റി ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം</u>

4315 ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞതും രാസപദാർത്ഥങ്ങൾ അടങ്ങിയതും മായം ചേർത്തതുമായ പാൽ വിൽപ്പന നടത്തുന്ന ഡയറികൾക്കെതിരെ കർശന നടപടി എടുക്കുമോ;

(ബി) കേരളത്തിനുപുറത്ത് നിന്നും വരുന്ന പാൽ ചെക്ക് പോസ്റ്റുകളിൽ മറ്റ് വകുപ്പുകളുമായി ചേർന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ജില്ലാ ആസ്ഥാനങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്ക് ഉള്ള ക്വാളിറ്റി ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കാലിത്തീറ്റ സബ്സിഡി പുന:സ്ഥാപിക്കാൻ നടപടി</u>

4316 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലിന്റെ വില കൂട്ടിയപ്പോൾ കാലിത്തീറ്റ സബ്സിഡി എടുത്തു കളഞ്ഞതിന്റെ ഫലമായി ക്ഷീരകർഷകർ കാലിത്തീറ്റ വാങ്ങുന്നതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഫലമായി പാലുല്പാദനം കുറഞ്ഞിട്ടുണ്ടോ എന്നും പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

വിവിധ കമ്പനികളുടെ പാൽ ഉൽപന്നങ്ങൾ

4317 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കമ്പനികളുടെ പാലുൽപ്പന്നങ്ങളാണ് വിൽപന നടത്തിവരുന്നത്;

(ബി) ഇതിൽ എത്ര കമ്പനികളുടെ പാലാണ് നിശ്ചിത നിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുളളത്; അവ ഏതെല്ലാം ആണ്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പാൽ വില വർദ്ധന</u>

4318 ശ്രീ. ജി. സുധാകരൻ
,, കെ. വി. വിജയദാസ്
,, പുരുഷൻ കടലുണ്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമ പാൽ വില വർദ്ധിപ്പിച്ചതിന്റെ നേട്ടം കൃഷിക്കാർക്ക് ലഭിച്ചിട്ടില്ലെന്നും മറിച്ച് കൃഷിക്കാർക്ക് നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

ചാത്തന്നൂർ മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ

4319 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആകെ എത്ര ക്ഷീര വ്യവസായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതൊക്കെയാണെന്ന് പേര് സഹിതം അറിയിക്കുമോ ;

(ബി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന എത്ര ക്ഷീര സംഘങ്ങൾ നിലവിലുണ്ട് അവ ഏതൊക്കെയാണ് ;

(സി) നിലവിലുള്ള എല്ലാ ക്ഷീരസംഘങ്ങളിലും വാർഷിക പൊതുയോഗം കൂടാറുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ സംഘങ്ങളിലാണ് പൊതുയോഗം കൂടാത്തതെന്ന് അറിയിക്കുമോ ;

(ഡി) ഇത്തരം സംഘങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വലിയതുറ സ്വീവേജ് ഫാം</u>

4320 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിൻ കീഴിലുള്ള വലിയതുറ സ്വീവേജ് ഫാം ഉൾപ്പെടുന്ന സ്ഥലം വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഏറ്റെടുക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഫാം മറ്റൊരു സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) പുതിയ ഫാം എന്ന് തുടങ്ങുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മിൽമ എറണാകുളം റീജിയണിൽ പുതുതായി നിയമനം</u>

4321 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) മിൽമ എറണാകുളം റീജിയണിൽ പുതുതായി നിയമനം നടത്തിയിട്ടുള്ള ജൂനിയർ അസിസ്റ്റന്റ്, പ്ലാന്റ് അറ്റന്റർ, മാർക്കറ്റിംഗ് ഓർഗനൈസർ, അക്കൗണ്ട്സ് ഓഫീസർ, ബോയ്ലർ ടെക്നീഷ്യൻ, കെമിസ്റ്റ് എന്നീ തസ്തികകളിൽ ഇതുവരെ എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള യോഗ്യത നിർണ്ണയ പരീക്ഷ എന്നാണ് നടത്തിയത് എന്ന് പറയാമോ ;

(സി) പ്രസ്തുത പരീക്ഷകളുടെ ഷോർട്ട് ലിസ്റ്റിന്റെയും ഫൈനൽ ലിസ്റ്റിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത ലിസ്റ്റിന്റെ കട്ട് ഓഫ് മാർക്ക് എത്രയായിരുന്നു എന്ന് പറയാമോ ;

(ഇ) പ്രസ്തുത തസ്തികകൾക്കുള്ള വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നു എന്ന് പറയാമോ ;

(എഫ്) മുൻപരിചയം പ്രസ്തുത തസ്തികകൾക്ക് ആവശ്യമായിരുന്നുവോ എന്ന് വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത തസ്തികകൾക്കുള്ള പ്രായപരിധി എത്രയായിരുന്നു എന്ന് പറയാമോ ;

(എച്ച്) നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടുള്ള ആരെയെങ്കിലും പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുണ്ടോ എന്ന് പറയാമോ ; എങ്കിൽ ഇത് ഏത് വിഭാഗത്തിൽപ്പെടുത്തി നടത്തിയിട്ടുള്ള നിയമനങ്ങളാണെന്ന് പറയാമോ ?

# കേരള നിയമസഭ

## 19.10.2011-ലെ മറുപടിക്ക്

<u>ആലത്തൂർ  ക്ഷീരപരിശീലന കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ</u>

4322 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ  ക്ഷീര പരിശീലന കേന്ദ്രത്തിൽ ഏതെല്ലാം തസ്തികകളാണ് ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നത് ;

(ബി) ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ  സ്വീകരിച്ചിട്ടുണ്ടോ ;  എങ്കിൽ ഒഴിവുകൾ എന്ന്  നികത്തുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവര്‍ത്തനങ്ങള്‍</u>

4323 ശ്രീ.കെ. ശിവദാസന്‍ നായര്‍
,, എം. എ. വാഹീദ്
,, വി. റ്റി.ബല്‍റാം
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ നവീകരിക്കുന്നതിനും കൂടുതല്‍ ഫലപ്രദമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നൂറുദിന കര്‍മ്മ പരിപാടിയില്‍ ഉള്‍പ്പെടുത്തി ഏതെല്ലാം സ്ഥാപനങ്ങളില്‍ ഇത് നടപ്പില്‍ വരുത്തുകയുണ്ടായി ;

(സി) ഒരു വര്‍ഷത്തെ കര്‍മ്മ പരിപാടിയില്‍ സാംസ്ക്കാരിക സ്ഥാപനങ്ങളെ ഉള്‍പ്പെടുത്തി ഇവയെ കാര്യക്ഷമമാക്കുന്നതിന് നടപടികള്‍ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മരണമില്ലാത്ത മഹാപ്രതിഭകൾ</u>

4324 ശ്രീ. എം.എ. ബേബി
,, പി. ശ്രീരാമകൃഷ്ണൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരണമില്ലാത്ത മഹാപ്രതിഭകൾ എന്ന പേരിൽ 168 മഹാപ്രതിഭകളുടെ ഹ്രസ്വജീവചരിത്രക്കുറിപ്പുകൾ അടങ്ങിയ പുസ്തകം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) മഹാപ്രതിഭകളുടെ കൂട്ടത്തിൽ നിന്ന് ഗാന്ധിജിയും കുമാരനാശാനും ഉൾപ്പെടെയുള്ള മഹാന്മാരെ ഒഴിവാക്കിയത് എന്തുകൊണ്ടായിരുന്നു; ഗ്രന്ഥകർത്താവ് തയ്യാറാക്കിയ കുറിപ്പുകളിൽ ഗാന്ധിജിയും കുമാരനാശാനും ഉൾപ്പെട്ടിട്ടുണ്ടായിരുന്നുവോ; ഒഴിവാക്കിക്കൊണ്ട് തീരുമാനിച്ചതാരാണ്;

(സി) മഹാപ്രതിഭകൾ ആരൊക്കെയായിരിക്കണമെന്ന് തീരുമാനിച്ചത് ഏത് മാനദണ്ഡപ്രകാരമാണ്; പ്രസ്തുത പുസ്തകം പ്രകാശനം ചെയ്തത് ആരായിരുന്നു?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

## അവശകലാകാരന്മാർക്ക് പെൻഷൻ

4325 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല സ്വദേശികളും കലാരംഗത്ത് ദീർഘകാലം പ്രവർത്തിച്ചവരും നിലവിൽ ഒട്ടേറെ ശാരീരിക അവശതകൾ അനുഭവിക്കുന്നവരുമായ ശ്രീമതി നളിനാക്ഷി, തറയിൽവീട്, കടക്കരപ്പള്ളി പി.ഒ., ശ്രീ. രവീന്ദ്രൻ പി.കെ. മേലശ്ശേരിൽ ചേർത്തല എന്നിവരുടെ പെൻഷൻ അപേക്ഷകളിൻമേൽ കേരള സംഗീതനാടക അക്കാഡമി ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; ഇവർക്ക് അവശകലാകാര പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഇവർക്ക് എത്രയും വേഗം പെൻഷൻ അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഫോക്ക്‌ലോർ അക്കാഡമി

4326 ശ്രീ. ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഫോക് ലോർ അക്കാഡമി ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) അക്കാഡമിക്ക് ഒരു കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഈ കേന്ദ്രത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഇ) ഇതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സാഹിത്യ-സാംസ്കാരിക പ്രതിഭകൾക്ക് സ്മാരകങ്ങൾ നിർമ്മിക്കുവാൻ നടപടി</u>

4327 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും** വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സാഹിത്യ-സാംസ്കാരിക പ്രതിഭകൾക്ക് സ്മാരകങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്ന വിവരം സർക്കാരിനറിയാമോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) അന്ന് തീരുമാനിച്ചതിൽ ഏതെല്ലാം സ്മാരകങ്ങൾ പൂർത്തിയായിട്ടുണ്ടെന്ന് പറയാമോ ;

(ഡി) ചേലക്കര മണ്ഡലത്തിലെ തിരുവില്വാമലയിൽ വി. കെ. എൻ. സ്മാരക നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ഇ) വി. കെ. എൻ. സ്മാരക നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ഭരണസമിതികൾ</u>

4328 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാംസ്ക്കാരിക വകുപ്പിനു കീഴിൽ എത്ര അക്കാദമികളും സാംസ്ക്കാരിക സ്ഥാപനങ്ങളുമുണ്ട്; അവ ഏതെല്ലാം;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം ഭരണസമിതികൾ നിലവിലുണ്ടോ; നിലവിലുള്ളവയേതൊക്കെ:

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സാംസ്ക്കാരിക സമിതികളിലെ ഭരണസമിതികൾ പുനസംഘടിപ്പിച്ചിട്ടുണ്ട്; വിശദവിവരവും ഭരണ സമിതി അംഗങ്ങളുടെ പേരും യോഗ്യതയും അറിയിക്കാമോ;

(ഡി) ഭരണ സമിതികൾ നിലവില്ലാത്ത സമിതികളിൽ എത്രാം തീയതിക്കകം ഭരണസമിതി പുനസംഘടന പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ഭരണസ്തംഭനത്തിനെതിരെ നടപടി</u>

4329 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി തുടങ്ങിയ കേരളത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങളിൽ ഭരണസ്തംഭനമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ ഭരണപരമായി തീരുമാനമെടുക്കേണ്ട കമ്മിറ്റികൾ ഇതുവരെ നിലവിൽ വരാത്തതെന്തുകൊണ്ടാണ്;

(സി) സാഹിത്യ അക്കാദമിയിൽ അച്ചടി തീർന്ന പുസ്തകങ്ങൾ പോലും പ്രസിദ്ധീകരിക്കാനാവാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിന്റെ നവീകരണം</u>

4330 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിന്റെ നവീകരണത്തിനായി പുരാവസ്തു ഡയറക്ടർ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) മ്യൂസിയത്തിന്റെ നവീകരണത്തിനായി പദ്ധതി സമർപ്പിക്കുന്നതിനായി മന്ത്രി നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തക പ്രസിദ്ധീകരണം</u>

4331 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2011-12 വർഷത്തിൽ പ്രസിദ്ധീകരണത്തിനായി തിരഞ്ഞെടുത്തിരുന്ന ശ്രീ. ഷൗക്കത്ത് അലിഖാൻ എന്നയാളുടെ □വന്നേരിയുടെ വഴിയടയാളങ്ങൾ□ എന്ന പുസ്തകം പ്രസിദ്ധീകരിക്കാതെ മാറ്റി വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പുസ്തകം പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്ന് പ്രസിദ്ധീകരിക്കാനാകും ;

(സി) പ്രസ്തുത പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിയില്ലാ എങ്കിൽ കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക കമ്മിറ്റിയുടെ ഗ്രാന്റ്</u>

4332 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക കമ്മിറ്റിയുടെ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്മാരകം ഒരു അക്കാദമിയായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ സഹായിക്കുവാൻ സർക്കാർ ഗ്രാന്റിനുപുറമേ കൂടുതൽ സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രാചീന കാലഘട്ടത്തിലെ ഗുഹകൾ സംരക്ഷിക്കുന്നതിനുള്ള നടപടി</u>

4333 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിൽ, പ്രാചീന കാലഘട്ടത്തിലെ എത്ര ഗുഹകൾ ഏതെല്ലാം സ്ഥലങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇവയെല്ലാം പുരാവസ്തു വകുപ്പ് സംരക്ഷിച്ചു വരുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ടൂറിസം വകുപ്പുമായി ബന്ധപ്പെടുത്തി ഇവയുടെ ചരിത്ര പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിനും സന്ദർശകരെ ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>വൈക്കം പുണ്ഡരികപുരം ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങൾ</u>

4334 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ തലയോലപറമ്പ് പഞ്ചായത്ത് പരിധിയിൽ വരുന്ന പുണ്ഡരികപുരം ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങൾ പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംരക്ഷിക്കുന്നതിന് ക്ഷേത്രത്തിന് സാമ്പത്തിക സഹായം നൽകുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പെരുവള്ളൂര്‍ ഗവണ്‍മെന്റ് ഹയര്‍ സെക്കന്ററി സ്കൂളിന് മ്യൂസിയം</u>

4335 ശ്രീ.കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ ഏറ്റവും നന്നായി പുരാവസ്തുക്കള്‍ ശേഖരിച്ച് സൂക്ഷിക്കുന്ന പെരുവള്ളൂര്‍ ഗവണ്‍മെന്റ് ഹയര്‍ സെക്കന്ററി സ്കൂളിന് ഒരു മ്യൂസിയം സ്ഥാപിക്കുവാന്‍ ധനസഹായം നല്‍കുമോ ;

(ബി) പ്രസ്തുത ആവശ്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണകാര്യത്തില്‍ കൂടുതല്‍ ശ്രദ്ധ ചെലുത്തുവാന്‍ ഈ സര്‍ക്കാര്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ലീഗൽ സെൽ</u>

4336 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സഹായിക്കാൻ ലീഗൽ സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ വിവിധ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നടപ്പിലാക്കാനുദ്ദേശിക്കുന്ന ലീഗൽ സെല്ലിന്റെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും വെളിപ്പെടുത്താമോ;

(ഡി) ലീഗൽ സെൽ എന്ന് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനകം ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>നോർക്ക - റൂട്ട്സിന്റെ പ്രവർത്തനങ്ങൾ</u>

4337

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി തേടുന്നവരെ സഹായിക്കാനും മാർഗ്ഗനിർദ്ദേശം നൽകാനും നോർക്ക-റൂട്ട്സ് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിസ്സാര കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശത്ത് ജയിലിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൊഴിൽ കരാർ ലംഘിക്കുന്ന തൊഴിലുടമയിൽ നിന്നും നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമ സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

എൻ.ആർ.ഐ ബിസിനസ്സ് സെന്റർ

4338 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പിന്റെ കീഴിലുള്ള എല്ലാ ഏജൻസികളെയും ഒരുമിച്ച് കൊണ്ടുവരുവാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രവാസി കേരളീയരെ സഹായിക്കുന്നതിന് എൻ. ആർ.ഐ ബിസിനസ്സ് സെന്റർ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത ബിസിനസ്സ് സെന്റർ എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സാന്ത്വനം പദ്ധതി</u>

4339 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി വകുപ്പിന്റെ കീഴിലെ സാന്ത്വനം പദ്ധതിക്ക് നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ കൂടുതല്‍ തുക നല്‍കാന്‍ നടപടി സ്വീകരിക്കുമോ;

(സി) അര്‍ഹരായവര്‍ക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി മതിയായ പ്രചാരണ നടപടികള്‍ സ്വീകരിക്കാന്‍ നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമനിധി</u>

4340 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രവാസി ക്ഷേമനിധിയില്‍ അംഗമാകുന്നതിനുള്ള പ്രായപരിധി എത്രയാണ്;

(ബി) പ്രായപരിധി 60 ആക്കാന്‍ ആലോചനയുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രവാസി ലീഗൽ എയ്ഡ്സെൽ</u>

4341 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, പി.ബി. അബ്ദുൾ റസാക്
,, കെ.എം. ഷാജി
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ലീഗൽ എയ്ഡ് സെല്ലിൽ പ്രവർത്തനം വിശദമാക്കാമോ;

(ബി) സെല്ലിന്റെ പ്രവർത്തനം പ്രവാസികൾക്ക് കൂടുതൽ ഗുണകരമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

<u>എമിഗ്രേഷൻ നിയമം</u>

4342 ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. യോഗ്യതയില്ലാത്ത അവിദഗ്ധ തൊഴിലാളികൾക്ക് വിദേശ ജോലി സ്വീകരിക്കുന്നതിന് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം പുതിയ നിബന്ധനകൾ കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ രേഖകളും അതത് രാജ്യങ്ങളിലെ എംബസികൾ സാക്ഷ്യപ്പെടുത്തണമെന്ന നിയമം ദോഷകരമായി ബാധിക്കുന്നത് കൂടുതൽ ഗൾഫ് തൊഴിലന്വേഷകരായ മലയാളികളെയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2011 ജൂലൈ 29ന് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം കൊണ്ടുവന്ന നിയമത്തിലുള്ള ആശങ്ക കേന്ദ്രത്തെ അറിയിക്കുന്നതിനും എമിഗ്രേഷൻ നിയമം സുതാര്യമാക്കുന്നതിനും ആവശ്യമാ2യ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>കടൽക്കൊള്ളക്കാർ റാഞ്ചിയ കപ്പലിലെ ജീവനക്കാരന്റെ മോചനം</u>

4343

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോമാലിയ തീരത്തുവച്ച് കടൽക്കൊള്ളക്കാർ റാഞ്ചിയ ചരക്ക് കപ്പലിലെ ജീവനക്കാരൻ കൊയിലാണ്ടി, നടുവത്തൂരിലെ ബിജേഷിനെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പരാതിയോ നിവേദനമോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ബിജേഷിന്റെ മോചനത്തിന് തടസ്സമാകുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) ബിജേഷിന്റെ മോചനത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രവാസി കേരളീയരുടെ പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സഹായ പദ്ധതി</u>

4344 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് മരണമടയുന്ന പാവപ്പെട്ട മലയാളികളുടെ കുടുംബാംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നിലവിൽ നൽകി വരുന്നത്; വിശദീകരിക്കാമോ;

(ബി) വിദേശത്ത് വച്ച് മരണമടയുന്ന പാവപ്പെട്ട മലയാളികളുടെ കുട്ടികൾക്ക് ഒരു വിദ്യാഭ്യാസ സഹായ പദ്ധതി തുടങ്ങുന്നതിനെക്കുറിച്ച് സർക്കാർ തീരുമാനിച്ചിരുന്നുവോ; എങ്കിൽ അതിന്റെ കാലിക സ്ഥിതി വിശദമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>പ്രവാസി സ്വയംതൊഴിൽ പദ്ധതി</u>

4345

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിവരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ തുടങ്ങുവാനുള്ള സാമ്പത്തിക സഹായം നൽകുവാനുള്ള പദ്ധതികൾ ഏറ്റെടുക്കുമോ;

(ബി) ഇതിനായി ബാങ്കിംഗ് മേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഡാറ്റാ ബാങ്ക് രൂപീകരിക്കുവാൻ നടപടി

4346 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള ഡാറ്റാ ബാങ്ക് ലഭ്യമാണോ ;

(ബി) എങ്കിൽ വൈപ്പിൻ മണ്ഡലത്തിലെ പ്രവാസികൾ എത്ര പേരെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഡാറ്റാ ബാങ്ക് രൂപികരിച്ചിട്ടില്ലാത്ത പക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഗൾഫിൽ മലയാള ഭാഷാപഠനത്തിന് സഹായം</u>

4347 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ വിദേശത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ കണക്കെടുത്തിട്ടുണ്ടോ;

(ബി) വിദേശമലയാളി സംഘടനകളുടെ രജിസ്ട്രേഷൻ □നോർക്ക□ നടത്തുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംഘടനകളുടെ പ്രതിനിധികളെ വിളിച്ചു ചേർത്ത് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമോ;

(സി) വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫിൽ മലയാള ഭാഷാ പഠനത്തിന് സർക്കാർ സഹായം നൽകുന്നുണ്ടോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നോർക്ക നിയമന നടപടി</u>

4348 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നോർക്കയിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കൊക്കെ നിയമനം നല്കിയെന്നത് സംബന്ധിച്ച വിശദവിവരം നല്കാൻ തയ്യാറാകുമോ;

(സി) ഇങ്ങിനെ നിയമനം നല്കുന്നതിന്റെ ഭാഗമായി ഇവിടെ നിന്ന് ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ വിശദവിവരം നല്കുമോ;

(ഇ) മന്ത്രി ബന്ധുകൾക്കും സംഘടനാ നേതാക്കളുടെ ബന്ധുക്കൾക്കും മാനദണ്ഡം പാലിക്കാതെ നിയമനം നല്കിയതായി വന്നിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

നോർക്ക റൂട്ട്സിലെ നിയമന നടപടി

4349 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദിവസക്കൂലി, കരാർ, ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നോർക്ക റൂട്ട്സിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) നിയമിക്കപ്പെട്ടവരുടെ തസ്തിക, പേര്, മേൽവിലാസം എന്നിവ വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ സംബന്ധിച്ച വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിച്ചിട്ടുണ്ടോ;

(ഡി) നിയമനങ്ങൾ സംബന്ധിച്ച് പത്ര പരസ്യങ്ങൾ നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ:

(ഇ) ഇതിൽ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം നിയമിക്കപ്പെട്ടവർ ആരൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>നൂറുദിന വിസ്മയം</u>

4350 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നൂറുദിന വിസ്മയം എന്നപേരിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് എത്ര പുസ്തകങ്ങൾ ഇതിനകം അച്ചടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇപ്രകാരം മുഖ്യമന്ത്രിയുടെ ഫോട്ടോ അച്ചടിച്ച പുസ്തകങ്ങൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വികസന പ്രവർത്തനം</u>

4351 ശ്രീ. കെ. അച്ചുതൻ
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും വാർത്തകളും ശേഖരിച്ച് ബഹുജനങ്ങൾക്കും മാധ്യമങ്ങൾക്കും യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സി-ഡിറ്റിന്റെ പ്രവർത്തനച്ചെലവ്</u>

4352 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ പ്രവർത്തനം എത്ര ടീമുകളായാണ് നടത്തുന്നത്; ഏതൊക്കെയാണവ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഓരോ ടീമിന്റേയും ലീഡർമാർ ആരാണെന്നും അവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ;

(സി) നടപ്പു സാമ്പത്തിക വർഷം ഇതേവരെയായി ഓരോ ടീമിന്റേയും വരുമാനം എത്രയാണെന്നും ശമ്പളം ഉൾപ്പെടെയുള്ള ഓരോ ടീമിന്റേയും മൊത്തം ചെലവുകൾ എത്രയാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഐ & പി.ആർ വകുപ്പിൽ പരാതി പരിഹാര സംവിധാനം

4353 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുളളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ & പി.ആർ വകുപ്പിൽ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരാതി പരിഹാര സംവിധാനം നിലവിലുണ്ടോ;

(ബി) പ്രസ്തുത സംവിധാനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

4354 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്;

(ബി) ഇതിനായി ജില്ലാ ഇൻഫർമേഷൻ ആഫീസുകളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) താലൂക്ക് തലങ്ങളിൽ ഇതിന്റെ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 19.10.2011-ലെ മറുപടിക്ക്

പി. ആര്‍. ഡി. മുഖാന്തിരമുള്ള പരസ്യങ്ങള്‍

4355 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സര്‍ക്കാരിന്റെ പ്രവര്‍ത്തനങ്ങള്‍ വര്‍ത്തമാനപത്രങ്ങള്‍ വഴി പ്രചരിപ്പിക്കുന്നതിന് കഴിഞ്ഞ 2011 മെയ് 18 മുതല്‍ 2011 ഒക്ടോബര്‍ 8 വരെ ചെലവഴിച്ച തുകയെത്ര ;

(ബി) ഇതേ കാലയളവില്‍ ഇലക്ട്രോണിക് മാധ്യമങ്ങളില്‍ പരസ്യത്തിനായി നല്കിയ തുകയെത്ര ;

(സി) പത്രം, ടിവി എന്നിവയല്ലാതെ മറ്റിതരമാര്‍ഗ്ഗങ്ങളിലൂടെ സര്‍ക്കാര്‍ പ്രചരണത്തിന് എത്ര തുക പി. ആര്‍. ഡി. മുഖാന്തിരം ചെലവഴിച്ചു ;വിശദാംശം അറിയിക്കാമോ ;

(ഡി) ഇതേ ആവശ്യത്തിന് 2006 മെയ് 18 മുതല്‍ 2006 ഒക്ടോബര്‍ 8 വരെ പി. ആര്‍. ഡി. മുഖാന്തിരം ചെലവഴിച്ച തുകയെത്ര ;

(ഇ) പി. ആര്‍. ഡി. മുഖാന്തിരം സര്‍ക്കാര്‍ പ്രചാരണത്തിനായി 2011-12 ല്‍ നീക്കിവെച്ച തുകയുടെ വിശദാംശം അറിയിക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

<u>സി. ഡിറ്റിലെ പ്രവൃത്തി ദിവസങ്ങൾ</u>

4356 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ഡിറ്റിലെ പ്രവൃത്തി ദിവസങ്ങൾ ആഴ്ചയിൽ അഞ്ച് ദിവസമായി ചുരുക്കുന്നതിന് ഐ ആന്റ് പി. ആർ. ഡി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രവൃത്തി ദിനം അഞ്ചായി ചുരുക്കുന്നതിന് സി. ഡിറ്റ് ഗവേണിങ്ങ് ബോഡിയോ എക്സിക്യൂട്ടീവ് കമ്മറ്റിയോ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) സർക്കാർ ഉത്തരവോ ഗവേണിങ്ങ് ബോഡി തീരുമാനമോ ഇല്ലാതെ ഇത്തരം ഉത്തരവ് ഇറക്കിയത് ആരാണ് ; ഇത്തരം കാര്യങ്ങളിൽ നയപരമായ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ആർക്കാണ് ; ഇതിനുള്ള വ്യവസ്ഥകൾ എന്താണെന്ന് വിശദമാക്കാമോ ;

(ഇ) പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, പി. ആർ. ഡി ഡയറക്ടർ, സി. ഡിറ്റ് ഡയറക്ടർ രജിസ്ട്രാർ എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ചേരാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ;

(എഫ്) ജി. ഒ(പി) നം. 204/2011/എഫ്. ഐ. എൻ. ഡേറ്റഡ് 2/5/11 നുള്ള ഉത്തരവു പ്രകാരം ഓഫീസ് അസിസ്റ്റന്റ്/ക്ലാർക്ക് തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് എത്ര രൂപയാണ് നൽകിവരുന്നത്;

(ജി) സി. ഡിറ്റിൽ ഇത്തരത്തിൽ ജോലി ചെയ്യുന്നവർക്ക് നൂറ് ശതമാനം ഡി.എ യും കൂട്ടി വേതനം നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 19.10.2011-ലെ മറുപടിക്ക്

ഇൻഫർമേഷൻ ഓഫീസർമാരുടെ തെരഞ്ഞെടുപ്പ്

4357 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പി.ആർ.ഡി. യിൽ എത്ര ഇൻഫർമേഷൻ ഓഫീസർമാരുടെയും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെയും ഒഴിവുകളുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്താത്തതിന്റെ കാരണമെന്ത്;

(സി) നിലവിൽ വന്നിട്ടുള്ള ലിസ്റ്റിൽ നിന്നും എന്നത്തേയ്ക്ക് നിയമനം ആരംഭിക്കും; എത്ര പേർക്കായിരിക്കും നിയമനം നൽകുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2020 വരെ ഈ രണ്ട് കാറ്റഗറിയിലും വരാൻ സാധ്യതയുള്ള ഒഴിവുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഇ) പി.ആർ.ഡി. യിലെ ഈ രണ്ട് തസ്തികകളിലെയും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളെത്ര;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; ഭാവിയിൽ നിയമിക്കാനുദ്ദേശമുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ജി) പി.ആർ.ഡി. യിൽ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര മോഡൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?